LIBRARY ARCHIVES Kerala Legislative Assembly

ഭരണപരവും ധനപരവുമായ അധികാരങ്ങളുടെ വിഭജനവും, ചട്ടങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികളും :

33. സഹകരണ വകുപ്പിൽ വിവിധ തലങ്ങളിലെ ഭരണപരവും ധനപരവുമായ അധികാരങ്ങൾ പ്രത്യേകം നിശ്ചയിച്ച് മുമ്പുതന്നെ ഉത്തരവു നൽകിയിട്ടുള്ളതാണ്. വകുപ്പിൽ ഭരണഭാഷ മലയാളമാക്കിയിട്ടുണ്ട്. സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് ദൈനംദിനം കൈകാര്യം ചെയ്യപ്പെടുന്ന വിഷയങ്ങൾ ലഘൂകരിക്കപ്പെട്ട ചട്ടങ്ങൾ മുഖേനയാണ് നിർവ്വഹിക്കപ്പെടുന്നത് എന്നുറപ്പുവരുത്തുന്നതാണ്.

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വകുപ്പിലെ വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചുമതല നിശ്ചയിച്ചു നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്.

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് 1 മുതൽ 676 ദിവസം വരെ വിവിധ കാലയളവുകളും ടി കാലയളവിനുള്ളിൽ നടപ്പിലാക്കേണ്ട പദ്ധതികളും നിശ്ചയിച്ചിട്ടുണ്ട്. സഹകരണ വകുപ്പിൽ നടപ്പിലാക്കുന്ന ഈ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ഓഫീസ് തലത്തിൽ സഹകരണ സംഘം രജിസ്ട്രാർ അദ്ധ്യക്ഷനായും, അഡീഷണൽ രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർ (മാർക്കറ്റിംഗ്), ജോയിന്റ് രജിസ്ട്രാർ(എസ്.സി./എസ്.ടി), ഫിനാൻസ് ആഫീസർ അംഗങ്ങളായും ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ച് അവലോകനം നടത്തിവരുന്നുണ്ട്.

ഖാദി വ്യവസായ യൂണിറ്റുകളുടെ നവീകരണം

100 (446) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പേരാമ്പ്ര, കനകമല എന്നിവിടങ്ങളിലെ ഖാദി വ്യവസായ യൂണിറ്റുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ ?

ഉത്തരം

പേരാമ്പ്ര ഖാദി യൂണിറ്റിലെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി ഏറ്റെടുത്ത കോൺട്രാക്ടർ എഗ്രിമെന്റ് വച്ച് പണി തുടങ്ങിയിട്ടുണ്ട്. കനകമല ഖാദി യൂണിറ്റിലെ സിവിൽ വർക്ക് എടുത്ത കോൺട്രാക്ടർ എഗ്രിമെന്റ് വയ്ക്കുന്നതിനും പണി തുടങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. യൂണിറ്റുകളിൽ മറ്റ് നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.